**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5538** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിലെ കണ്ടൽക്കാടുകളുടെ നശീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിൽ കണ്ടൽക്കാടുകളായി വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലങ്ങളിൽ കണ്ടലുകൾ വ്യാപകമായി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നഗരത്തിൽ കണ്ടൽക്കാടുകളായി വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലങ്ങൾ ഇല്ല. എന്നാൽ കോഴിക്കോട് വനം ഡിവിഷന് കീഴിൽ ചെറുവണ്ണൂർ, കടലുണ്ടി, വള്ളിക്കുന്ന്, ഇരിങ്ങൽ വില്ലേജുകളിലായി ആകെ 36.437 ഹെക്ടർ കണ്ടൽക്കാടുകൾ കേരള വന നിയമം-1961, സെക്ഷൻ-4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>മേൽ നോട്ടിഫൈ ചെയ്ത ഏരിയകളിൽ കണ്ടലുകൾ വ്യാപകമായി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ അതിനെതിരായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കോഴിക്കോട് നഗരത്തിൽ കണ്ടൽക്കാടുകളായി വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലങ്ങൾ ഇല്ല. എന്നാൽ കോഴിക്കോട് വനം ഡിവിഷന് കീഴിൽ ചെറുവണ്ണൂർ, കടലുണ്ടി, വള്ളിക്കുന്ന്, ഇരിങ്ങൽ വില്ലേജുകളിലായി ആകെ 36.437 ഹെക്ടർ കണ്ടൽക്കാടുകൾ കേരള വന നിയമം-1961, സെക്ഷൻ-4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>മേൽ നോട്ടിഫൈ ചെയ്ത ഏരിയകളിൽ കണ്ടലുകൾ വ്യാപകമായി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പരിസ്ഥിതിക്ക് ദോഷമാകുന്ന തരത്തിൽ കണ്ടലുകൾ നശിപ്പിക്കുന്നതിനെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകുമോ? | (സി) | പരിസ്ഥിതിക്ക് ദോഷമാകുന്ന തരത്തിൽ സ്വകാര്യ സ്ഥലങ്ങളിൽ നിന്നും നോട്ടിഫൈ ചെയ്ത ഏരിയകളിൽ നിന്നും കണ്ടലുകൾ നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട വനം ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് കേരള വനേതരപ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം- 2005 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ